**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4827** **02-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ അന്തരീക്ഷം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. ആന്റണി ജോൺ | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പട്ടികവർഗ്ഗ ഉന്നതികളിൽ വിദ്യാഭ്യാസത്തിന് മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പട്ടികവർഗ്ഗ ഉന്നതികളിൽ വിദ്യാഭ്യാസത്തിന് മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. പ്രീമെട്രിക് തലം മുതൽ പോസ്റ്റ് മെട്രിക് പഠനം വരെയുള്ള കാലയളവിൽ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ<br>2. പട്ടികവർഗ വിദ്യാർത്ഥികളിൽ പഠനനിലവാരം മെച്ചപ്പെടുന്നതിന്റെ ഭാഗമായി ഊരുകൾ കേന്ദ്രീകരിച്ച് സാമൂഹ്യപഠനമുറികൾ<br>3. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് പരീക്ഷാകാലത്ത് പ്രത്യേക റസിഡൻഷ്യൽ കോച്ചിംഗ് ക്യാമ്പുകൾ നടത്തി പരീക്ഷക്ക് സജ്ജരാക്കുന്നു.<br>4. ഭാഷാപരമായ വിടവ് പരിഹരിക്കാൻ മെന്റർ ടീച്ചർമാരെ നിയമിച്ച് ഗോത്രബന്ധു പദ്ധതി<br>5. പട്ടികവർഗ വിദ്യാർത്ഥികളുടെ ദുർഘടമേഖലയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് വിദ്യാവാഹിനി പദ്ധതി<br>6. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം<br>7. NEET, JEE പോലുള്ള പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷകൾക്ക് ഉന്നത നിലവാരമുള്ള സ്ഥാപനങ്ങളിൽ പരിശീലനം .<br>8. പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള 32 കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി ലാപ്ടോപ് |
| (ബി) | കുട്ടികളുടെ ഭാഷാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സ്കൂളുകളിലെ ഹാജർ ശതമാനം, പ്രവേശനം എന്നിവ വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതിയാണ് "ഗോത്രബന്ധു". കൊഴിഞ്ഞ്പോക്ക് പ്രാധാനമായും കൂടുതലുള്ള വയനാട്(214), പാലക്കാട്(56), മലപ്പുറം(29) ജില്ലകളിൽ 326 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവരെ പ്രതിദിനം 750 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 2,900/- രൂപ വരെ ഹോണറേറിയം നൽകിയാണ് മെന്റർ ടീച്ചർമാരായി നിയമിക്കുന്നത്. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും, വിദ്യാഭ്യാസത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി പൊതു വിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവയുടെ സഹകരണത്തോട് കൂടി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പട്ടികവിദ്യാർത്ഥികളുടെ സാർവത്രിക എൻറോൾമെന്റ് അവരെ തുടർച്ചയായി സ്കൂളിൽ നിലനിർത്തുന്നതും ഉറപ്പാക്കുക, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുക, ഗ്രേഡുകളും, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും മെച്ചപ്പെടുത്തുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. |
| (സി) | പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് ഉന്നത വിദ്യാഭ്യാസം നൽകികൊണ്ട് സംസ്ഥാനത്തെ പട്ടികവർഗ്ഗ സമുദായങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ സഹായകമാകുന്ന പദ്ധതികൾ ആവിഷ്കരിക്കുമോ? | (സി) | പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി മെഡിക്കൽ/ എഞ്ചിനിയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് ധനസഹായം, പ്രവേശന പരീക്ഷാപരിശീലനം, LLB എൻറോൾ ചെയ്ത വിദ്യാർത്ഥികൾക്കുള്ള ധനസഹായം എന്നിവ നൽകി വരുന്നു. കൂടാതെ പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള കോഴ്സുകൾക്ക് വിദേശ പഠനം നടത്തുന്നതിനായി "കേരള സർക്കാർ - ഉന്നതി വിദേശപഠന സ്കോളർഷിപ്പ്" എന്ന പേരിൽ ഒരു വിദ്യാർത്ഥിക്ക് പരാമാവധി 25 ലക്ഷം രൂപ വരെ അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ